ഉത്തരം

ആലത്തിയൂർ പള്ളിക്കടവ് റോഡ് ബി.എം. ആന്റ് ബി.സി ചെയ്യുന്നതിനുവേണ്ടി ചീഫ് എഞ്ചിനീയർ സമർപ്പിച്ച എസ്റ്റിമേറ്റ് ഗവൺമെന്റ് പരിശോധിച്ചു വരുന്നതേയുള്ളൂ.

## വടശ്ശേരിക്കര പാലത്തോട് ചേർന്ന് നടപ്പാലം

**163 (2659)** ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണാറക്കുളഞ്ഞി-ചാലക്കയം-ശബരിമല പാതയിൽ വടശ്ശേരിക്കര പാലത്തോട് ചേർന്ന് നടപ്പാലം നിർമ്മിക്കാൻ പദ്ധതിയിട്ടിട്ടുണ്ടോ ; ഇതിനായി എത്ര തുകയുടെ ഫണ്ടാണ് അനുവദിച്ചിരുന്നത് ;

(ബി) പ്രസ്തുത നടപ്പാലം നിർമ്മാണം വൈകാനുണ്ടായ കാരണം വ്യക്തമാക്കാമോ ;

(സി) നടപ്പാത നിർമ്മാണം സാധ്യമല്ലെങ്കിൽ ശബരിമല പാതയിലെ തിരക്ക് കണക്കിലെടുത്ത് ഇവിടെ വീതികുറഞ്ഞ പാലത്തിന്റെ ഭാഗത്ത് എന്തെങ്കിലും നിർമ്മാണം നടത്താൻ ആലോചനയുണ്ടോ ;

(ഡി) നിലവിലുള്ള വീതി കുറഞ്ഞ പാലത്തിന്റെ സ്ഥാനത്ത് വീതികൂടിയ പുതിയ പാലം നിർമ്മിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ-ഡി) മണ്ണാറക്കുളഞ്ഞി - ചാലക്കയം - ശബരിമല പാതയിൽ വടശ്ശേരിക്കര പാലത്തോട്ചേർന്ന് നടപ്പാലം നിർമ്മിക്കുവാനുള്ള പദ്ധതി ഉപേക്ഷിക്കുകയും നിലവിലുള്ള പാലത്തിന് സമാന്തരമായി പുതിയ പാലം നിർമ്മിക്കുവാൻ വേണ്ട സാദ്ധ്യതാ പഠനം നടത്തുന്നതിനായി 10 ലക്ഷം രൂപ അനുവദിച്ച് പ്രസ്തുത പദ്ധതി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിട്ടുണ്ട്.

## പൊതുമരാമത്ത് വകുപ്പിനുള്ള ബജറ്റ് വിഹിതവും ചെലവും

**164 (2660)** ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15-ലെ ബജറ്റിൽ പൊതുമരാമത്ത് വകുപ്പിൽ റോഡുകളും പാലങ്ങളും വിഭാഗത്തിനായി എത്ര തുക വകയിരുത്തുകയുണ്ടായി ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ബജറ്റിൽ കെട്ടിടങ്ങൾ വിഭാഗത്തിനായി എത്ര തുക വകയിരുത്തുകയുണ്ടായി ;

(സി) റോഡുകളും പാലങ്ങളും വിഭാഗത്തിൽ 2014-15 സാമ്പത്തിക വർഷം എത്ര തുക ചെലവഴിക്കുകയുണ്ടായി ;

(ഡി) കെട്ടിടങ്ങൾ വിഭാഗത്തിൽ 2014-15 സാമ്പത്തിക വർഷം എത്ര തുക ചെലവഴിക്കുകയുണ്ടായി ?

ഉത്തരം

(എ) 2014-15 ലെ ബജറ്റിൽ, പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ പദ്ധതിയിനത്തിൽ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനായി 116 കോടി രൂപ വകയിരുത്തുകയുണ്ടായി.

(ബി) 2014-15 ബജറ്റിൽ, കെട്ടിട വിഭാഗത്തിൽ പദ്ധതിയിനത്തിൽ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനായി 16 കോടി രൂപ വകയിരുത്തുകയുണ്ടായി.

(സി) എന്നാൽ 2014-15 സാമ്പത്തികവർഷം പദ്ധതിയിനത്തിൽ 1061.60 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 700.86 കോടി രൂപയുമുൾപ്പെടെ ആകെ 1762.46 കോടി രൂപയുടെ പ്രവൃത്തികൾ നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ നടത്തുകയുണ്ടായി.

(ഡി) എന്നാൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽ 2014-15 സാമ്പത്തിക വർഷത്തിൽ ആകെ 101.68 കോടി രൂപയുടെ പ്രവൃത്തികൾ നടത്തുകയുണ്ടായി.

## കൊടുവള്ളിയിൽ റസ്റ്റ് ഹൗസ്

**165 (2661)** ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുനിസിപ്പാലിറ്റിയായി ഉയർത്തിയ കൊടുവള്ളിയിൽ പി.ഡബ്ല്യു.ഡി റസ്റ്റ് ഹൗസ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly